**No. CEE/3600/ KEAM-2021/TA2**

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001

# പത്രക്കുറിപ്പ്
# KEAM-2021

## പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള രണ്ടാംഘട്ട അലോട്ട്മെന്റ്

**സർക്കാർ നിയന്ത്രിത/സ്വകാര്യ സ്വാശ്രയ കോളേജുകളിൽ 21.10.2021 മുതൽ വിദ്യാർത്ഥികൾ നേരിട്ടെത്തി പ്രവേശനം നേടണം.**

2021–ലെ സംസ്ഥാനത്തെ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി കോഴ്സുകളിലെ പ്രവേശനത്തിനുള്ള രണ്ടാംഘട്ട അലോട്ട്മെന്റ് 20.10.2021 വൈകുന്നേരം പ്രസിദ്ധീകരിക്കുന്നതാണ്. സർക്കാർ നിയന്ത്രിത/സ്വകാര്യ സ്വാശ്രയ കേളേജുകളിൽ അലോട്ട്മെന്റ് ലഭിക്കുന്നവർ 21.10.2021 മുതൽ 25.10.2021 വരെ ബന്ധപ്പെട്ട കോളേജുകളിൽ നേരിട്ടെത്തി പ്രവേശനം നേടേണ്ടതാണ്. വ്യാപകമായ മഴയെ തുടർന്നുള്ള പ്രകൃതിക്ഷോഭം മൂലമോ കോവിഡ്–19 മൂലമോ അലോട്ട്മെന്റ് ലഭിച്ച സർക്കാർ നിയന്ത്രിത / സ്വകാര്യ സ്വാശ്രയ കോളേജുകളിൽ നേരിട്ട് ഹാജരായി പ്രവേശനം നേടാൻ സാധിക്കാത്ത വിദ്യാർത്ഥി കൾ അലോട്ട്മെന്റ് ലഭിച്ച കോളേജുമായി ബന്ധപ്പെട്ട് കോളേജ് അധികൃതരുടെ നിർദ്ദേശപ്രകാരം പ്രവേശന നടപടികളിൽ പങ്കെടുക്കേണ്ടതാണ്.

സർക്കാർ കേളേജുകളിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ കാണിച്ചിട്ടുള്ള ഫീസ് ഒടുക്കി പ്രവേശനപരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾക്കനുസൃതമായി ഓൺലൈനായി പ്രവേശനം നേടേണ്ട താണ്.

സർക്കാർ നിയന്ത്രിത / സ്വകാര്യ സ്വാശ്രയ കേളേജുകളിലെ പ്രവേശന സമയക്രമം വെബ്സൈറ്റിൽ നൽകിയിട്ടുണ്ട്. അലോട്ട്മെന്റ്/പ്രവേശനം എന്നിവയെ സംബന്ധിച്ച വിശദമായ വിവരങ്ങൾ രണ്ടാംഘട്ട അലോട്ട്മെന്റിനോടനുബന്ധിച്ച് വിജ്ഞാപനം ചെയ്യുന്നതാണ്.

**ഹെൽപ്ലൈൻ നമ്പർ: 0471- 2525300**

തിരുവനന്തപുരം
19.10.2021

**പ്രവേശന പരീക്ഷാ കമ്മീഷണർക്ക് വേണ്ടി**